**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 179** **12-12-2022 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സാമ്പത്തിക കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയെ നിയന്ത്രിക്കുന്നതിന് നിലവിലെ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി ക്രൈം ബ്രാഞ്ചിനു കീഴിൽ പ്രത്യേക സാമ്പത്തിക കുറ്റകൃത്യ വിഭാഗം (Economic Offences Wing ) രൂപീകരിച്ചിട്ടുണ്ട്.<br><br>കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ ഹൈടെക്ക് സെൽ, സൈബർ ഡോം, സൈബർ പോലീസ് സ്റ്റേഷൻ എന്നിവയെ ഉപയോഗപ്പെടുത്തി ഡിജിറ്റൽ മേഖലയിലൂടെ നടത്തുന്ന തട്ടിപ്പുകൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകി വരുന്നു. |
| (ബി) | പണമിടപാടുകളും കടമെടുപ്പുകളും ഇൻഷ്വറൻസുകളും ധന മാനേജ്മെന്റും ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ സുരക്ഷ ഒരുക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | സ്വികരിച്ചിട്ടുണ്ട്. ഡിജിറ്റൽ പ്ലാറ്റ് ഫോമുകൾ വഴിയുള്ള പണമിടപാടുകളിൽ ഏർപ്പെടുമ്പോൾ സുരക്ഷയുടെ ഭാഗമായി സ്വീകരിക്കേണ്ട മുൻകരുതല്യ കൾ സംബന്ധിച്ച് പോലീസിലെ സൈബർ വിഭാഗത്തിന്റെയും സോഷ്യൽ മീഡിയ സെല്ലിന്റെയും സഹായത്തോടെ ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു. |
| (സി) | അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള പ്രചരണങ്ങൾ കർശനമായി നിരീക്ഷിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ച് റിപ്പോർട്ടാകുന്ന പരാതികളിന്മേൽ നിലവിലുള്ള നിയമങ്ങളിലെ വകുപ്പുകൾ പ്രകാരം കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | സാമ്പത്തിക കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി പോലീസിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി സംസ്ഥാനത്ത് പുതുതായി സാമ്പത്തിക കുറ്റകൃത്യവിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇതിനായി പോലീസ് ഇൻസ്പെക്ടർ ജനറൽ- 1, പോലീസ് |

| | | | |
|---|---|---|---|
| | | | സൂപ്രണ്ട്-4, ഡി.വൈ.എസ്.പി.- 11, ഇൻസ്പെക്ടർ-19, എസ്.ഐ.-29, എസ്.സി.പി.ഒ-73, സി.പി.ഒ.-73, ഡ്രൈവർ-16, സീനിയർ സൂപ്രണ്ട്-1, ജൂനിയർ സൂപ്രണ്ട്-1, സീനിയർ ക്ലർക്ക്-2, ക്ലാർക്ക്-2, സി.എ.-1 എന്നിങ്ങനെ 233 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കോമേഴ്സിന്റെയും കമ്പോള സമ്പദ്‌വ്യവസ്ഥയുടെയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷണ ഉദ്യോഗസ്ഥരുടെ മേൽ നോട്ടത്തിൽ ശാസ്ത്രീയവും കാര്യക്ഷമവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുമാണ് സാമ്പത്തിക കുറ്റകൃത്യവിഭാഗം രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്. |
| (ഇ) | അനധികൃത നിക്ഷേപ പദ്ധതികൾ നിരോധിക്കുന്നതിനും നിക്ഷേപങ്ങൾ സ്വീകരിച്ചശേഷം കടന്നുകളയുന്നവരുടെ സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനും സംസ്ഥാനത്ത് ചട്ടങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ? | (ഇ) | അനധികൃത നിക്ഷേപ പദ്ധതികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപങ്ങൾ സ്വീകരിച്ചശേഷം കടന്നു കളയുന്നവരുടെ സ്വത്തു വകകൾ കണ്ടുകെട്ടുതിനായി The Banning of Unregulated Deposit Scheme Act, The Prize Chits and Money Circulation Schemes (Banning) Act, Kerala Protection of Interest of Depositors in Financial Establishment Act എന്നീ നിയമങ്ങളിലെ വിവിധ വകുപ്പുകൾ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. ബഡ്സ് ആക്ടുമായി ബന്ധപ്പെട്ട ചട്ടങ്ങൾ 25.11.2022-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ